(ബി) ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരള കോ—ഓപ്പറേറ്റീവ് റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ ഈ കമ്പനി ഏറ്റെടുത്തു നടത്താൻ താൽപ്പര്യമുണ്ടെന്ന് ഗവണ്മെന്റിനെ അറിയിക്കുകയും അതിനായി ചില നിർദ്ദേശങ്ങൾ ഗവൺമെന്റിന് സമർപ്പിക്കുകയുമുണ്ടായി. പ്രസ്തുത നിർദ്ദേശങ്ങളെക്കുറിച്ച് വ്യവസായ വകുപ്പ് കമ്മീഷണർ 24—6—1986—ൽ ചർച്ച നടത്തുകയും, കമ്പനിയുടെ പുനരുദ്ധാരണ പദ്ധതിക്കാവശ്യമായി വരുന്ന ചെലവിനെയും മറ്റും സംബന്ധിച്ച് പുനഃപരിശോധന നടത്തി പുതുക്കിയ നിർദ്ദേശം എത്രയും വേഗം ഗവൺമെന്റിന് സമർപ്പിക്കുവാൻ ഫെഡറേഷനോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

റബ്ബറിന് ബഫർ സ്റ്റോക്ക്

684 [673] ശ്രീ. എം. വി. രാഘവൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വില നിയന്ത്രണത്തിനായി റബ്ബറിന് ബഫർ സ്റ്റോക്ക് ഏർപ്പെടുത്താൻ കേന്ദ്ര വ്യവസായ മന്ത്രാലയം സ്റ്റേറ്റ് ട്രേഡിംഗ് കോർപ്പറേഷനെ ചുമതലപ്പെടുത്തിയ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതടിസ്ഥാനത്തിലായിരിക്കും വില നിയന്ത്രണമേർപ്പെടുത്തുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) വില നിയന്ത്രണത്തിനായി റബ്ബറിന് ബഫർ സ്റ്റോക്ക് ഏർപ്പെടുത്താൻ കേന്ദ്ര വാണിജ്യമന്ത്രാലയം സ്റ്റേറ്റ് ട്രേഡിംഗ് കോർപ്പറേഷനെ ചുമതലപ്പെടുത്തിയ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്

(ബി) സ്വാഭാവിക റബ്ബറിന്റെ ഉൽപ്പാദനം ആഭ്യന്തര ഉപഭോഗത്തിന് പോരാതെവരുന്നതിനാൽ ഈ വിടവ് നികത്തുന്നതിന് കൂടെ റബ്ബർ ഇറക്കുമതി ചെയ്യേണ്ടിവരുന്നുണ്ട്. ഇറക്കുമതി താമസിച്ചാൽ വില പൊടുന്നനെ ഉയരും. അങ്ങനെ റബ്ബറിന്റെ വിലയിൽ വലിയ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകാറുണ്ട്. അതൊഴിവാക്കുന്നതിനുവേണ്ടി 2,500 ടണ്ണിന്റെ ഒരു ബഫർ സ്റ്റോക്ക് ഉണ്ടാക്കുന്നതിനും. ആയത് ഉൽപ്പാദകരുടേയും ഉപഭോക്താക്കളുടേയും താൽപ്പര്യത്തിന് അനുയോജ്യമായ ഒരു വിലയ്ക്ക് വിതരണം ചെയ്യുകവഴി വിലനിയന്ത്രണം കൈവരിക്കുന്നതിനുമാണ് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly